പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5113

30.06.2014-ൽ മറുപടിക്ക്.

# പടക്കനിർമ്മാണവിപണന മേഖലയിലെ അപകടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോയിൻകുട്ടി<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ. പി.കെ. ബഷീർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പടക്കനിർമ്മാണ വിപണനമേഖലയിൽ അപകടങ്ങളും അപകടമരണങ്ങളും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) ഇല്ല. |
| (ബി) ഇപ്രകാരമുള്ള അപകടങ്ങൾ നിരന്തരമായി ഉണ്ടാകുന്നതിന്റെയും അവ കൂടുതൽ മാരകമാകുന്നതിന്റെയും കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | : (ബി) സ്ഫോടകവസ്തുക്കൾ അശ്രദ്ധമായി കൈകാര്യം ചെയ്യൽ, ഇക്കാര്യത്തിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം, അനുവദനീയമായതിലും കൂടിയ അളവിൽ സ്ഫോടകവസ്തുക്കൾ സംഭരിക്കൽ, നിരോധിതരാസവസ്തുക്കളുടെ ഉപയോഗം, സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കാതിരിക്കൽ മുതലായവയാണ് അപകടങ്ങൾക്ക് കാരണം |
| (സി) പടക്കനിർമ്മാണ ലൈസൻസ് നൽകുമ്പോൾ, ഉപയോഗിക്കാവുന്ന കെമിക്കൽസ്, സ്വീകരിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് നിബന്ധന ഏർപ്പെടുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ; | : (സി) ഉണ്ട്. നിലവിലുള്ള സ്ഫോടകവസ്തു നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായാണ് പടക്ക നിർമ്മാണലൈസൻസുകൾ അനുവദിക്കുന്നത്. വെടിക്കെട്ടു സാമഗ്രികളുടെ നിർമ്മാണത്തിലും മറ്റുമായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി അത്തരം ഇടങ്ങളിൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും അനുവദനീയമായ സ്ഫോടകവസ്തുക്കളുടെ അളവ് ഉറപ്പു വരുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനും സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

(ഡി) 2011, 2012, 2013 എന്നീ വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് എത്രപേർക്ക് ജീവഹാനി സംഭവിച്ചു എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ?

: (ഡി) 2011 ൽ 21 പേർക്കും 2012 ൽ 10 പേർക്കും 2013 ൽ 19 പേർക്കും ജീവഹാനി സംഭവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ